**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 398** **14-03-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിൽ അപകടങ്ങൾ ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിദ്യാർത്ഥികൾ അടക്കമുള്ള വിനോദസഞ്ചാരികൾ മുങ്ങി മരിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ടൂറിസം വകുപ്പിന്റെ കീഴിലുള്ള വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട് .<br><br>അപകട സാധ്യതാ മേഖലകളിൽ സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും ആവശ്യമായ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയും വരുന്നു .<br><br>പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുമുണ്ട് . ഇതിന്റെ ഭാഗമായി കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസുകാരെ നിയോഗിച്ചിട്ടുണ്ട് .<br><br>കൂടാതെ കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ബീച്ചുകളിലും മറ്റു ചില മേഖലകളിലും ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിച്ചു വരുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിയിട്ടുണ്ട്.<br><br>ഇതിനു പുറമെ ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കി വരുന്നു. |
| (ബി) | അങ്കമാലി മഞ്ഞപ്ര ജ്യോതിസ് സെൻട്രൽ സ്കൂളിൽ നിന്നും മാങ്കുളത്ത് വിനോദസഞ്ചാരത്തിനെത്തിയ കുട്ടികൾ മുങ്ങിമരിച്ച സംഭവത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ഇടുക്കി ജില്ലയിലെ മാങ്കുളത്ത് അങ്കമാലി മഞ്ഞപ്ര ജ്യോതിസ് സെൻട്രൽ സ്കൂളിൽ നിന്നും വിനോദസഞ്ചാരത്തിനെത്തിയ കുട്ടികൾ മുങ്ങിമരിച്ചതുമായി ബന്ധപ്പെട്ട് മൂന്നാർ പോലീസ് സ്റ്റേഷനിൽ ക്രൈം നം. 222/2023/u/s 174 CrPC |

| | | | |
|---|---|---|---|
| | | | പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു . |
| (സി) | മുൻപ് നിരവധി അപകടങ്ങൾ നടന്ന സ്ഥലങ്ങളിൽ വ്യക്തമായ അപകട മുന്നറിയിപ്പുകൾ ഇല്ലാത്തതാണ് ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ടൂറിസം വകുപ്പിന്റെ പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതുതായി കണ്ടെത്തുന്ന അപകട സാധ്യതയുള്ള കേന്ദ്രങ്ങളിൽ അപകട മുന്നറിയിപ്പ് നൽകി മറ്റ് സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.<br><br>ബന്ധുവീടുകളിലും വിനോദ സഞ്ചാര കേന്ദ്രങ്ങളിലും എത്തുന്ന കുട്ടികൾ ഉൾപ്പെടെയുള്ളവർ പരിചിതമല്ലാത്ത ജലാശയങ്ങളിൽ കുളിക്കുന്നതിനും മറ്റും ഇറങ്ങി അപകടങ്ങൾ സംഭവിക്കുന്നത് ഒഴിവാക്കുന്നതിനായി സ്കൂൾ - കോളേജ് തലത്തിൽ ബോധവത്കരണ ക്ലാസ്സുകൾ നൽകി വരുന്നുണ്ട്. കൂടാതെ ഇത്തരത്തിൽ പതിവായി അപകടങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കിയും വിനോദ സഞ്ചാര കേന്ദ്രങ്ങളിലും മറ്റും പോലീസ് എയ്ഡ് പോസ്റ്റുകൾ വഴി ബോധവത്കരണം നടത്തിയും അപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ സുരക്ഷാ നടപടികൾ ആഭ്യന്തര വകുപ്പ് സ്വീകരിച്ചു വരുന്നു. പഠന യാത്രകൾ സംബന്ധിച്ച് അപകടങ്ങൾ സംഭവിയ്ക്കാതിരിക്കാൻ സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പൊതു വിദ്യാഭ്യാസ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഡി) | (സി) പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ